പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1094 05.03.2018 ൽ മറുപടിയ്ക്ക്

## ഇടുക്കി ജില്ലയിലെ പട്ടയ വിതരണം

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | മറുപടി<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടുക്കി ജില്ലയിൽ പട്ടയവിതരണം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നും ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണെന്നും എവിടെയെല്ലാമെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇടുക്കി ജില്ലയിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്. വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1964-ലെ ചട്ടങ്ങൾ പ്രകാരം: 7832<br>1993-ലെ ചട്ടങ്ങൾ പ്രകാരം: 6432<br>ക്രയ സർട്ടിഫിക്കേറ്റ് (ലാൻഡ് ട്രൈബ്യൂണൽ പട്ടയം): 12<br>കെ.ഡി.എച്ച്. റൂൾ പ്രകാരം: 34<br>ആകെ: 14310 |
| (ബി) | ഉപാധിരഹിത പട്ടയങ്ങൾ നൽകിയിട്ടുണ്ടോ;എങ്കിൽ ആർക്കെല്ലാമെന്നറിയിക്കാമോ;പ്രസ്തുത പട്ടയത്തിന്റെ മാതൃക ലഭ്യമാക്കുമോ; | (ബി) സർക്കാർ ഉത്തരവ് ജി.ഒ(പി) 60/2017, തീയതി 17/08/2017 പ്രകാരം കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964-ലെ ഉപാധികളിൽ വരുത്തിയ ഭേദഗതികൾ അനുസരിച്ചുള്ള പട്ടയങ്ങളാണ് ഇടുക്കി ജില്ലയിൽ 17/02/2018-ൽ നടത്തിയ പട്ടയമേളയിൽ വിതരണം ചെയ്തിട്ടുള്ളത്. |
| (സി) | 1964-ലെ ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം ലഭിച്ച ഭൂമി എത്രവർഷം കഴിഞ്ഞ് കൈമാറ്റം ചെയ്യാനാവുമെന്ന് വ്യക്തമാക്കുമോ; | (സി) 1964-ലെ ചട്ടങ്ങൾ അനുസരിച്ച് കൈവശത്തിലുള്ള ഭൂമിക്ക് അനുവദിക്കുന്ന പട്ടയങ്ങൾ പ്രകാരമുള്ള സ്ഥലങ്ങൾ കൈമാറ്റം ചെയ്യുന്നതിന് നിബന്ധനകൾ ഇല്ലാത്തതാണ്. കൈവശത്തിൽ ഇല്ലാത്ത ഭൂമിക്കാണ് പട്ടയം അനുവദിച്ചിട്ടുള്ളതെങ്കിൽ ആയത് 12 വർഷത്തിന് ശേഷം മാത്രമേ കൈമാറ്റം ചെയ്യുവാൻ പാടുള്ളൂ. |
| (ഡി) | 1995- ലെ ഭൂമി പതിവ് ചട്ടപ്രകാരം വിതരണം ചെയ്ത പട്ടയത്തിൽപ്പെട്ട ഭൂമി എത്രവർഷം കഴിഞ്ഞ് കൈമാറ്റം ചെയ്യാനാവുമെന്ന് വെളിപ്പെടുത്തുമോ; | (ഡി) 1995-ലെ കേരള മുൻസിപ്പൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ അനുവദിച്ച ഭൂമി 12 വർഷത്തിന് ശേഷം മാത്രമേ കൈമാറ്റം ചെയ്യുവാൻ പാടുള്ളൂ. |
| (ഇ) | ഇടുക്കി ജില്ലയിൽ 1993 -ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഒരാൾക്ക് പരമാവധി എത്ര ഭൂമിയാണ് പട്ടയം ലഭിക്കാൻ അർഹതയുള്ളതെന്ന് വ്യക്തമാക്കുമോ; ഇപ്രകാരമുള്ള ഭൂമി | (ഇ) 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പരമാവധി നാലേക്കർ ഭൂമി ഒരു കുടുംബത്തിന് പട്ടയം അനുവദിക്കാവുന്നതാണ്. ടി ചട്ടങ്ങൾ അനുസരിച്ച് നൽകിയിട്ടുള്ള പട്ടയങ്ങൾ പ്രകാരമുള്ള സ്ഥലങ്ങൾ കൈമാറ്റം ചെയ്യുന്നതിന് നിബന്ധനകൾ ഇല്ലാത്തതാണ്. |

| | | |
|---|---|---|
| | എത്രനാൾ കഴിഞ്ഞാൽ കൈമാറ്റം ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;ഇത്തരം പട്ടയം ലഭിക്കുന്നതിന് ഓരോന്നിനും വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്നറിയിക്കാമോ; | ടി ചട്ടങ്ങൾ അനുസരിച്ച് പട്ടയം അനുവദിക്കുന്നതിന് വരുമാന പരിധി ഇല്ലാത്തതാണ്. |
| (എഫ്) | ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്ത് ഈ സർക്കാർ എത്ര പട്ടയങ്ങൾ നൽകിയെന്ന് വ്യക്തമാക്കാമോ; 10 -ചെയിൻ പ്രദേശത്ത് ഈ സർക്കാർ എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ? | (എഫ്) ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിൽ 4200 പട്ടയങ്ങളും, പത്ത് ചെയിൻ പ്രദേശത്ത് 1985 പട്ടയങ്ങളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ